ആർ.ഡി.ഒ-യും പോലീസും ചേർന്ന് സംഘത്തിന്റെ ഷെഡ് പൊളിച്ചു മാറ്റിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പോലീസ് സഹായത്തോടെ ആർ.ഡി.ഒ ഷെഡ് പൊളിച്ച സ്ഥാനത്ത് റവന്യൂ മന്ത്രിയുടെ സ്റ്റേയുടെ അടിസ്ഥാനത്തിൽ സംഘം വീണ്ടും ,ഷെഡ് കെട്ടി പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സംഘം ഭരിക്കുന്നത് സി.ഐ.റ്റി.യു.വിന് ഭൂരിപക്ഷമുള്ള ഭരണ സമിതിയാണ് എന്ന കാരണത്താൽ രാഷ്ട്രീയ വിരോധം തീർക്കാൻ സ്ഥലത്തെ കോൺഗ്രസ് (ഐ) പഞ്ചായത്ത് മെമ്പർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ആർ.ഡി.ഒ.യും പോലീസും ചേർന്ന് ഷെഡ് പൊളിച്ചു മാറ്റിയത് എന്ന ആക്ഷേപത്തെപ്പറ്റി അന്വേഷിക്കാൻ തയ്യാറാകുമോ;

(എച്ച്) നിയമവിരുദ്ധമായി സംഘത്തിന്റെ ഷെഡ് പൊളിച്ചുമാറ്റിയ പോലീസിന്റേയും ആർ.ഡി.ഒ.യുടേയും പേരിൽ നടപടി സ്വീകരിക്കുമോ;

(ഐ) സംഘത്തിനുണ്ടായ നഷ്ടം ആർ.ഡി.ഒ.യുടേയും പോലീസിന്റേയും പക്കൽ നിന്ന് ഈടാക്കി സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഐ) കയർ സഹകരണ സംഘത്തിന്റെ ,ഷെഡ് പൊളിച്ചുമാറ്റിയ സംഭവത്തെക്കുറിച്ച് സർക്കാരിന് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടന്നു വരികയാണ്.

സംസ്ഥാനത്ത് നടന്ന മോഷണ കേസ്സുകൾ

(1564) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മോഷണങ്ങൾ നടന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

ഉത്തരം

ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 29171 മോഷണങ്ങൾ നടന്നിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

തിരുവനന്തപുരം	-	3252
കൊല്ലം	-	1876
പത്തനംതിട്ട	-	1165
ആലപ്പുഴ	-	1652
കോട്ടയം	-	2158
ഇടുക്കി	-	1336
എറണാകുളം	-	3946
തൃശ്ശൂർ	-	2719
പാലക്കാട്	-	3058
മലപ്പുറം	-	1970
കോഴിക്കോട്	-	2811

LIBRARY ARCHIVES Kerala Legislative Assembly

വയനാട്	-	981
കണ്ണൂർ	-	759
കാസർഗോഡ്	-	1040
ക്രൈം ബ്രാഞ്ച് വിഭാഗം	-	26
റയിൽവേ വിഭാഗം	-	422
ആകെ	-	29171

സ്റ്റേജ് പൊളിച്ചു കളഞ്ഞ സംഭവം

(1565) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ 11.2.2000-ന് യു.ഡി.എഫിന്റെ സ്റ്റേജ് പൊളിച്ചു കളഞ്ഞതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്ക് എതിരെയാണ് എടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) പകൽ സമയത്ത് നിരവധി പോലീസുകാരുടെ സാന്നിദ്ധ്യത്തിൽ സ്റ്റേജ് നശിപ്പിക്കുവാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയോ;

(എഫ്) ഇതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നും വീഴ്ചയോ കുറ്റമോ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയുണ്ടായോ;

(ജി) എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം:

(എ)-(ജി) പത്തനംതിട്ടയിൽ 11.2.2000-ന് യു.ഡി.എഫ്.ന്റെ സ്റ്റേജ് പൊളിച്ചതായി കാണിച്ച് ജോർജ്ജ് ജോസഫ് എന്നൊരാളിൽ നിന്നും ലഭിച്ച പരാതിയിന്മേൽ ക്രൈം 93/2000 നമ്പരായി പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. സംഭവം പോലീസിന്റെ സാന്നിദ്ധ്യത്തിൽ നടന്നു എന്നു പറയുന്നതു ശരിയല്ല.

ജനകീയ പോലീസ്

(1572) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ പോലീസ് എന്ന പരിപാടി ഇൻഡ്യയിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ സംസ്ഥാനങ്ങളിൽ ഇതിന്റെ പ്രവർത്തന പുരോഗതിയെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly